പതിനാലാം കേരള നിയമസഭ
പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4355 13/12/2018 ൽ മറുപടിക്ക്

**ശബരിമലയിലെ യുവതി പ്രവേശനം**

ചോദ്യം മറുപടി

ശ്രീ.പി.സി. ജോർജ്

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ യുവതി പ്രവേശനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏതെങ്കിലും സംഘടനകളുമായോ വ്യക്തികളുമായോ രാഷ്ട്രീയ പാർട്ടികളുമായോ ചർച്ചകൾ നടത്തിയിരുന്നോ;വ്യക്തമാക്കാമോ; | (എ) | യുവതി പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് തന്ത്രി കുടുംബം, പന്തളം കൊട്ടാരം, വിവിധ ഹൈന്ദവ സംഘടനകൾ എന്നിവരുമായി ദേവസ്വം ബോർഡ് ചർച്ച നടത്തിയിരുന്നു. സർക്കാർ സർവ്വകക്ഷി യോഗം വിളിക്കുകയും തന്ത്രികുടുംബം, പന്തളം കൊട്ടാരം പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. |
| (ബി) | ശബരിമലയിലെ യുവതി പ്രവേശവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നിലവിൽ സ്വീകരിച്ചിരിക്കുന്ന നിലപാട്/തീരുമാനം വ്യക്തമാക്കാമോ? | (ബി) | ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബാദ്ധ്യതയുള്ളതാണ്. എന്നാൽ കൂടുതൽ സ്ത്രീകൾ വന്നാൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് സാവകാശ ഹർജി ദേവസ്വം ബോർഡ് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ